**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 79** **26.02.2018-ൽ മറുപടിക്ക്**

**അക്ഷയ കേന്ദ്രങ്ങളിലെ സർവ്വീസുകൾക്ക് ചാർജ്ജ്**

ചോദ്യം | മറുപടി

ശ്രീ. എ. പ്രദീപ്കുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങളിലെ സർവ്വീസുകൾക്ക് ചാർജ് നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; | എ) യും ബി) യും | അക്ഷയ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചു കൊണ്ടുള്ള ഏകീകൃത ഉത്തരവ് നിലവിലില്ല. ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് അതാത് വകുപ്പുകൾ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അക്ഷയ വഴി ലഭ്യമാക്കിയിട്ടുള്ള സർക്കാർ സേവനങ്ങളിൽ 12 എണ്ണത്തിന്റെ സർവ്വീസ് ചാർജ് മാത്രമാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. നിരക്ക് നിശ്ചയിക്കാത്ത സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വ്യത്യസ്ത രീതിയിൽ സർവ്വീസ് ചാർജ് ഈടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം സേവനങ്ങളുടെ നിരക്ക് ഏകീകരിക്കുന്നതും നിരക്ക് നിശ്ചയിച്ചിട്ടുള്ളവയുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നതും സംബന്ധിച്ച് അക്ഷയ ഡയറക്ടർ സമർപ്പിച്ച |
| (ബി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തുവക്കുമോ; | | |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | അക്ഷയ കേന്ദ്രങ്ങൾ നൽകുന്ന സർവ്വീസുകളുടെ ചാർജിനെ സംബന്ധിച്ച വിവരങ്ങൾ ഓരോ അക്ഷയ കേന്ദ്രത്തിലും പ്രദർശിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | സി) | അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന കാലാകാലങ്ങളായുള്ള നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് അക്ഷയ വഴി നൽകുന്ന സേവനങ്ങൾക്ക് കൃത്യമായ രശീതി നൽകണമെന്നും സേവനങ്ങളുടെ സർവ്വീസ് ചാർജ് കൃത്യമായി പ്രദർശിപ്പിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന സംരംഭകർ ക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുമെന്നും അറിയിച്ചുകൊണ്ട് അക്ഷയ ഡയറക്ടർ എല്ലാ അക്ഷയ സംരംഭകർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിന് ഏകീകൃത സ്വഭാവത്തി ലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന തിനുള്ള നിർദ്ദേശവും പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ